2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിട്ടുപോയ വർക്കുകൾ

8 (T4046) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004-ലെ ബഡ്ജറ്റിന്റെ അനുബന്ധം രണ്ട് മരാമത്ത് പണികളുടെ പട്ടിക വാല്യം-1-ൽ 15-ാം നമ്പർ ധനാഭ്യർത്ഥനയിൽപ്പെട്ട 4059 ശീർഷകത്തിലെ ഏതാനും ഡീറ്റയിൽഡ് ഹെഡ്ഡുകളിൽപ്പെട്ട നിർമ്മാണ ജോലികൾ ഉൾക്കൊള്ളിക്കാതിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ചെയ്യുവാനുള്ള തുക സപ്ലിമെന്ററി ഡിമാന്റ് വഴി ഉൾപ്പെടുത്താനാണോ അതോ റീ അപ്രോപ്രിയേഷൻവഴി ഉൾപ്പെടുത്താനാണോ ആണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് ;

(സി) 2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിട്ടുപോയ വർക്കുകൾ ഉൾപ്പെടുത്താത്തതിന് എന്താണ് കാരണമെന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത അന്വേഷണത്തിൽ ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ച സംഭവിച്ചത് എങ്ങനെയാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടുവോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിട്ടുപോയ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി 15-7-2003-ലെ ജി. ഒ. ആർ. റ്റി. 5790/2003-ധന. നമ്പർ ഉത്തരവിൻ പ്രകാരം 17 കോടിയിൽപ്പരം രൂപയുടെ ധനപുനഃക്രമീകരണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്ലാനിംഗ് ബോർഡിൽനിന്നും ലഭിച്ച പദ്ധതി വിഹിത നിർദ്ദേശങ്ങളിൽ ചില കണക്കിനങ്ങൾ ഉൾപ്പെടാതെ പോയതിനാലാണ് 2003-2004 ബഡ്ജറ്റിൽ 4059 എന്ന മേജർ കണക്കിനത്തിലെ ഏതാനും ഉപഹെഡ്ഡുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് തുക ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നത്. ഇപ്പോൾ ധന പുനഃക്രമീകരണം വഴി ലഭ്യമാക്കിയിട്ടുള്ള തുക വിട്ടുപോയ പ്രവൃത്തികൾക്ക് വേണ്ടി അനുവദിച്ചുകൊണ്ട് 17-7-2003-ലെ 5842/2003-ധന. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

9 (4048) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർ പ്രക്ഷോഭരംഗത്താണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly